(ബി) വ്യാജ റിക്രൂട്ട്മെന്റ് തടയുക, റിക്രൂട്ട്മെന്റുകൾ നടത്തുന്നത് സുതാര്യമാക്കാൻ ആവശ്യമായ പ്രചരണം നൽകുക പൊതുജനങ്ങൾക്ക് റിക്രൂട്ട്മെന്റ് നിയമങ്ങളെ സംബന്ധിച്ച ബോധവൽക്കരണം നൽകുക മുതലായവയാണ് ചുമതലകൾ.

(സി) ഇതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കി സർക്കാരിലേക്ക് ശുപാർശകൾ നടത്തുന്നുണ്ട്. ഇതു കൂടാതെ ഡി.ഐ.ജി. ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ) സി.ഇ.ഒ. റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സ് തിരുവനന്തപുരം തുടങ്ങി എട്ടു പേരടങ്ങുന്ന ഒരു കോർ ഗ്രൂപ്പ് റിസ തട്ടിപ്പിനെതിരെ ബോധവൽക്കരണം നടത്താൻ വേണ്ട മീഡിയ പ്ലാൻ തയ്യാറാക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. ഈ മീഡിയ പ്ലാൻ അനുസരിച്ച് പ്രചരണം സംഘടിപ്പിക്കുന്നതിന് ഡി.പി.ആർ., എ.ഐ.ആർ., ദൂഷ്യാനെറ്റ് എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു പബ്ലിസിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1983-ലെ എമിഗ്രേഷൻ ചട്ടത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് ജസ്റ്റീസ് സുകുമാരൻ ചെയർമാനായും നോർക്ക സെക്രട്ടറി കൺവീനറായും, മുൻ അംബാസിഡർമാരും നിയമജ്ഞരും അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ഇ) അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിനുള്ള പ്രത്യേക സെൽ ക്രൈംബ്രാഞ്ചിൽ രൂപീകരിച്ച് പ്രസ്തുത സെൽ നോർക്ക വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

അനധികൃത റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കാൻ നടപടി

161 [1571] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിലന്വേഷകരായ മലയാളികളെ കബളിപ്പിക്കുന്ന അനധികൃത റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിദേശ ജോലിക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിലെ സുതാര്യത ഉറപ്പാക്കാനും ഏജന്റുമാരുടെ തട്ടിപ്പിൽ നിന്ന് തൊഴിലന്വേഷകരെ രക്ഷിക്കുന്നതിനും അംഗീകൃത ഏജൻസികളെ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് പരാതി വരികയുന്ന മുറയ്ക്ക് അന്വേഷിക്കാറുണ്ട്.

(ബി) ഉണ്ട്. ലൈസൻസുള്ള ഏജൻസികളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ലൈസൻസ് ഇല്ലാത്തവർക്കെതിരെ പോലീസ് വകുപ്പ് മുഖാന്തിരം കേസെടുക്കുന്നതിനും നടപടി കൈക്കൊള്ളാറുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്. റിക്രൂട്ടിംഗ് നടത്തുന്നതിനുള്ള അനുമതി Protector of Emigrants നൽകുമ്പോൾ അതിന്റെ ഒരു പകർപ്പ് നോർക്ക വകുപ്പിൽ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യാപകമായ വിസാ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ പത്രവാർത്ത നൽകാറുണ്ട്. കേരളത്തിലെ അംഗീകൃത ഏജൻസികളുടെ ലിസ്റ്റ് തിരുവനന്തപുരത്തെയും എറണാകുളത്തെയും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ ഓഫീസിൽ ലഭ്യമാണ്.

ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരിച്ചു വരുന്നവരുടെ പുനരധിവാസം

162 [1572] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗൾഫ് രാജ്യങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്നവരുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഗൾഫ് രാജ്യങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്നവർക്കായി പ്രവാസി കേരളീയകാര്യവകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് വിവിധ ക്ഷേമ-പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവ ഇപ്രകാരമാണ്

'സാന്ത്വന': ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും തിരികെയെത്തിയവരുമായ പ്രവാസികളുടെ സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ ഉള്ള സഹായനിധിയാണ് 'സാന്ത്വന'. സർക്കാരിൽ നിന്നുള്ള ഗ്രാന്റ് കൂടാതെ അന്താരാഷ്ട്ര സാമൂഹ്യ സംഘടനകൾ വിദേശ മലയാളി അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെയാണ് ഈ സഹായനിധി ആരംഭിച്ചിട്ടുള്ളത്.

ധനകാര്യ, നിക്ഷേപസംരംഭകത്വ വികസന പദ്ധതികൾ.—സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവാസികൾക്കായി ചെറുകിട-ഇടത്തര വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, സൂപ്പർമാർക്കറ്റുകൾ, വിപണനശൃംഖലകൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly